## അനുബന്ധം 6

## <u>ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്ന വിധം</u>

**ഏകജാലക സംവിധാനത്തിൽഅപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനായി,**

1. ആദ്യമായി അഡ്മിഷൻപോർട്ടലായ www.hscap.kerala.gov.in സന്ദർശിക്കുക.
2. ഹോം പേജിലെ 'PUBLIC' ടാബിനു താഴെയുള്ള 'APPLY ONLINE-SWS' ലിങ്കിൽ ക്ലിക്ക് ചെയ്യുക.
3. അപ്പോൾ താഴെ കാണുന്ന ലോഗിൻ പേജ് ദൃശ്യമാകുന്നതാണ്.




4. ലോഗിൻ പേജിൽ അപേക്ഷ സമർപ്പിക്കാൻ ഉദ്ദേശിക്കുന്ന ജില്ല,യോഗ്യതാ പരീക്ഷയുടെ സ്കീം,രജിസ്റ്റർ നമ്പർ,മാസം ,വർഷം,ജനനതീയതി എന്നിവ നൽകിയ ശേഷം അപേക്ഷാ സമർപ്പണ സമയത്ത് സംസ്ഥാനത്തിനു/ജില്ലയ്ക്കു പുറത്തുള്ളവർ 'Mode of Fee Payment' എന്നതിന് " By the way of Demand Draft" എന്നും എന്നാൽ ജില്ലയ്ക്ക് അകത്തുള്ളവർ "By Cash paid to School" എന്നും സെലക്ട് ചെയ്യണം.

5. ലോഗിൻ പേജിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നൽകി കഴിയുമ്പോൾ ഓൺലൈൻ അപേക്ഷ ഫോറം കാണാവുന്നതാണ്. ആയതിലൂടെ അപേക്ഷകർക്കു **"അനുബന്ധം 2"**ൽ പ്രതിപാദിക്കും പ്രകാരം തങ്ങളുടെ പൊതുവിവരങ്ങൾ,ഗ്രേഡ് വിവരങ്ങൾ,ഓപ്ഷനുകൾ എന്നിവ നൽകാവുന്നതാണ്. അപേക്ഷാ വിവരങ്ങൾ അന്തിമമായി സമർപ്പിക്കുന്നതുവരെ അപേക്ഷാ വിവരങ്ങളിൽ മാറ്റം വരുത്താവുന്നതാണ്.
6. അപേക്ഷാ വിവരങ്ങൾ അന്തിമമായി സമർപ്പിച്ചു കഴിഞ്ഞ ശേഷം വിദ്യാർത്ഥിയും രക്ഷകർത്താവും ഒപ്പു വെച്ച അപേക്ഷയുടെ പ്രിൻറ് ഔട്ടിൻെറ കോപ്പിയും അനുബന്ധ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും താഴെ പ്രതിപാദിക്കും പ്രകാരം വേരിഫിക്കേഷനായി സമർപ്പിക്കേണ്ടതാണ്.
7. 7.1) സംസ്ഥാനത്തിനു/ജില്ലയ്ക്കു പുറമേ നിന്ന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നവർ വേരിഫിക്കേഷനായി **"അനുബന്ധം 7 "**ൽ നിർദ്ദേശിച്ചിരിക്കുന്ന സ്ക്കൂൾ പ്രിൻസിപ്പാളിന് അപേക്ഷയും അനുബന്ധ രേഖകളും അപേക്ഷാ ഫീസായ 25 രൂപയുടെ"DEMAND DRAFT" ഉം അയച്ചു കൊടുക്കേണ്ടതാണ്.

   7.2) എന്നാൽ ജില്ലയ്ക്കകത്ത് നിന്ന് ഓൺലൈനായി അപേക്ഷിച്ചവർ ജില്ലയിലെ ഏതെങ്കിലും ഒരു ഹയർ സെക്കൻററി സ്കൂളിൽ അപേക്ഷയുടെ പ്രിൻറ് ഔട്ടിൻെറ കോപ്പിയും അനുബന്ധ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും വേരിഫിക്കേഷനായി സമർപ്പിക്കുന്ന സമയത്തു അപേക്ഷയുടെ ഫീസായ 25 രൂപ അടക്കേണ്ടതാണ്
8. ഓൺലൈനായി സമർപ്പിച്ച അപേക്ഷകൾ സ്കൂളുകളിൽ നിന്നും വേരിഫിക്കേഷൻ നടത്തിയാൽ മാത്രമേ അലോട്ട്മെൻറിനായി പരിഗണിക്കുകയുള്ളു.